**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.707 10.02.2016-ൽ മറുപടിക്ക്**

**സി.എച്ച്.സി യിൽ ഡോക്ടർമാരുടെ കുറവ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രിസമയങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതു കൊണ്ട് സാധാരണക്കാരായ ആളുകൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോൾ മൂന്ന് അസിസ്റ്റന്റ് സർജന്മാരുടെയും ഒരു സിവിൽ സർജന്റെയും തസ്തികകളാണുള്ളത്. രാത്രി കാലങ്ങളിൽ കാൾ ഡ്യൂട്ടി സൗകര്യം ലഭ്യമാണ്. |
| (ബി) ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്ന തരത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ; | (ബി) നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നം.(സാധാ) 1669/2014/ആകുവ തീയതി 25.06.2014, ഉത്തരവ് നം.(സാധാ) 04/2015/ആകുവ തീയതി 01.01.2015 പ്രകാരം തീരുമാനമായിട്ടുണ്ട്. |
| (സി) നരിക്കുനി സി.എച്ച്.സി. യിൽ കാഷ്വാലിറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) നിലവിൽ താലൂക്ക് ആശുപത്രികളിലാണ് കാഷ്വാലിറ്റി സംവിധാനം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ